# മാതാ ന്യൂസ്

## മാതാ എച്ച് എസ് മണ്ണംപേട്ട

### സംസ്കൃത ദിനാഘോഷം

ശ്രാവണപൗർണ്ണമി സംസ്കൃത ദിനമായി ലോകം മുഴുവൻ ആഘോഷിക്കുന്നു. അതിൻ്റെ ഭാഗമായി മാത എച്ച് എസ് മണ്ണംപേട്ടയിലും സംസ്കൃത ദിനം 14/8/25 വ്യാഴാഴ്ച സമുചിതമായി ആഘോഷിച്ചു .എച്ച് എം ശ്രീ തോമസ് മാസ്റ്റർ സംസ്കൃത ദിന സന്ദേശം നൽകി.കുമാരി അവന്തിക സംസ്കൃതഭാഷയുടെപ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണംനടത്തി.സംസ്കൃതം ക്ലബിലെ കുട്ടികൾ ഓരോ ക്ലാസ്സിലും ചെന്ന് മധുര വിതരണം നടത്തി സംസ്കൃതദിന ആശംസകൾ നേർന്ന് സംസാരിച്ചു. കുട്ടികൾ സംസ്കൃത സംഘഗാനം അവതരിപ്പിച്ചു



### സ്കൂൾ പാർലമെൻറ് ഇലക്ഷൻ

സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് മാതാ ഹൈസ്കൂൾ, മണ്ണംപേട്ട . വിദ്യാർത്ഥികളിൽ ജനാധിപത്യ മൂല്യം വളർത്തുന്നതിന് വേണ്ടി മാതാ ഹൈസ്കൂൾ മണ്ണംപേട്ടയിൽ സ്കൂൾപാർലമെന്റ് തെരഞ്ഞെടുപ്പ് സർക്കാർ ഉത്തരവനുസരിച്ച് 14 - 8 -2025ന് നടത്തപ്പെട്ടു.



സ്കൂൾ ഇലക്ഷൻ കമ്മീഷണറായ ഷീജ ടീച്ചർ ആണ് തിരഞ്ഞെടുപ്പിന് നേതൃത്വം നൽകിയത്. ഓരോ ക്ലാസിലെയും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ ക്ക് 4-8 -2025 മുതൽ 8/ 8/2025 വരെയുള്ള തിയ്യതികളിൽ പത്രിക സമർപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. വോട്ടെടുപ്പ് തിയതിയും പ്രഖ്യാപിച്ചിരുന്നു. നാമനിർദേശ പത്രികയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന വിദ്യാർത്ഥികളുടെപേര് പ്രസിദ്ധപ്പെടുത്തി. ആഗസ്റ്റ് 14-ാം തീയതി, തെരഞ്ഞെടുപ്പ് ദിവസം ,രാവിലെ 10 മണിക്ക് വോട്ടിംഗ് ആരംഭിച്ചു. 12 മണിയോടെ വോട്ടെണ്ണൽ ആരംഭിച്ചു . ഫലപ്രഖ്യാപനവും നടത്തി. ഓരോ ക്ലാസിലെയും വിജയികളെ പ്രഖ്യാപിച്ച ശേഷം, ക്ലാസ് പ്രതിനിധികൾ 1 pm ന് സ്കൂൾ കോൺഫറൻസ് ഹാളിൽ സമ്മേളിച്ച് സ്കൂൾ പാർലമെന്റ് പ്രതിനിധിയെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. 5 വിദ്യാർഥികളാണ് നോമിനേഷൻ നൽകിയത്. വോട്ടെടുപ്പിൽ 13 വോട്ട് നേടിയ 9 -ാം ക്ലാസ്സ് വിദ്യാർത്ഥി തരുൺ മഹേഷ് സ്കൂ ൾ ലീഡറായി തെരഞ്ഞെടുക്കപ്പെട്ടു. 5 വോട്ടുകൾ നേടി യ ജുവൽ മരിയ വൈസ് ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു. സ്കൂൾ പാർലിമെന്റ് പ്രതിനിധികളുടെ ആദ്യ സമ്മേളനം അന്നേ ദിവസം 3 pm ന് നടന്നു. വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കാനും, ജനാധിപത്യ ബോധം വളർത്താനും, കൂട്ടുത്തരവാദിത്വം ഉണ്ടാക്കുവാനും ഈ തിരഞ്ഞെടുപ്പ് വളരെ സഹായകമായിരുന്നു.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് ഇലക്ഷന് ആത്ർത്ഥമായി സഹായിച്ചു.



### സെൽഫ് ഡിഫൻസ് പരിശീലനം

സ്കൂളിലെ എല്ലാ കുട്ടികൾക്കും സെൽഫ് ഡിഫൻസുമായി ബന്ധപ്പെട്ട ക്ലാസുകൾ നടത്തുന്നതിന് വേണ്ടി ക്ലാസ് ലീഡർമാർക്ക് നൽകുന്ന പരിശീലനം.
അഞ്ചു മുതൽ 10 വരെയുള്ള ക്ലാസുകളിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ലീഡർമാർക്ക് ആണ് പരിശീലനം നൽകിയത് . പരിശീലനം നേടിയത് നേതൃത്വത്തിലാണ് സ്കൂളിലെ മുഴുവൻ കുട്ടികൾക്കുമുള്ള പരിശീലനം നടക്കുക. കരാട്ടെയിൽ ബ്ലാക്ക് ബെൽറ്റ് നേടിയ ശ്രീ ജയകൃഷ്ണൻ നമ്പൂതിരിയാണ് പരിശീലനം കൊടുത്തത്. ശ്രീ ആദിത്യൻ എം, ശ്രീമതി എയ്ഞ്ചൽ മരിയ ഡേവിസ് എന്നിവർ



### 2025 – 28 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ അഭിരുചി പരീക്ഷയും പ്രിലിമിനറി ക്യാമ്പും

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പുതിയ 25-28 ബാച്ചിലേക്ക് അംഗത്വം നേടുന്നതിനായി എട്ടാം ക്ലാസിൽ നിന്നുള്ള 71 വിദ്യാർത്ഥികളാണ് പേരുകൾ രജിസ്റ്റർ ചെയ്തത്. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ ചേരാനായി വളരെ ആഗ്രഹത്തോടെയും, താല്പര്യത്തോടെയും പ്രതീക്ഷയോടും കൂടിയാണ് കുട്ടികൾ പേരുകൾ നൽകിയത്. ജൂൺ 25 ന് നടന്ന അഭിരുചി പരീക്ഷയിൽ 68 വിദ്യാർഥികളാണ് പങ്കെടുത്തത്. ഇവരിൽനിന്ന് ആദ്യ നാല്പത് റാങ്കുകളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ അടങ്ങുന്ന പുതിയ ബാച്ചിന്റെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ ജൂലൈ പത്താം തീയതിതന്നെ പുതിയ അംഗങ്ങളെ വിളിച്ചു ചേർത്ത് യോഗം ചേരുകയുണ്ടായി. അഭിരുചി പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് പുറമേ ഹെഡ്മാസ്റ്റർ തോമസ് മാസ്റ്ററും ,കൈറ്റ് മാസ്റ്റർ ഫ്രാൻസിസ് മാസ്റ്ററും, കൈറ്റ് മിസ്ട്രെസ് പ്രിൻസി ടീച്ചറും യോഗത്തിൽ സംബന്ധിക്കുകയുണ്ടായി. ഈ യോഗത്തിൽ വെച്ച് ഏറ്റവും കൂടുതൽ സ്കോർ നേടി ആദ്യ റാങ്ക് കരസ്ഥമാക്കിയ എട്ടാം ക്ലാസ് സി ഡിവിഷനിൽ പഠിക്കുന്ന ഭഗത് ചന്ദ്രൻ സി എസ് എന്ന വിദ്യാർത്ഥിയെ യൂണിറ്റ് ലീഡറായി തിരഞ്ഞെടുത്തു. ഈ യോഗത്തോടെ പുതിയ ലിറ്റിൽ കൈറ്റ്സ് 25-28 ബാച്ച് മാതാ ഹൈസ്കൂളിൽ രൂപീകൃതമായി. ഈ ബാച്ചിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുന്നോടിയായിട്ടുള്ള പ്രിലിമിനറി ക്യാമ്പ് സെപ്റ്റംബർ ഇരുപത്തിയാറാം തീയതി കൈറ്റിലെ മാസ്റ്റർ ട്രെയിനറായ ദിലീപ് കുമാർ സാറിന്റെ നേതൃത്വത്തിൽ നടന്നു.ക്യാമ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് ഹെഡ്മാസ്റ്റർ തോമസ് കെ ജെ മാസ്റ്റർ സംസാരിച്ചു.ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ നടക്കുന്ന പ്രവർത്തനങ്ങളെ കുറിച്ചുള്ള ധാരണ ഈ ക്യാമ്പിലൂടെ അംഗങ്ങൾക്ക് ലഭിച്ചു. വിവിധ സോഫ്റ്റ്‌വെയറുകളെ പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ കുട്ടികളെല്ലാവരും തന്നെ വളരെ താല്പര്യപൂർവ്വം പങ്കെടുത്തു. അന്നേദിവസം തന്നെ ക്യാമ്പിന്റെ അവസാനത്തിൽ നടന്ന രക്ഷാകർതൃയോഗത്തി ൽ ഭൂരിഭാഗം രക്ഷാകർത്താക്കൾ പങ്കെടുക്കുകയും,ലിറ്റിൽ കൈറ്റ്സിനെ കുറിച്ച് കൂടുതൽ അവബോധം മാസ്റ്റർ ട്രെയിനർ അവരിൽ ഉണ്ടാക്കുകയും ചെയ്തു. കൈറ്റ് മിസ്ട്രെസ് മാസ്റ്റർ ട്രെയിനർക്കും, രക്ഷാകർത്താക്കൾക്കും,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള നന്ദി അറിയിച്ചു സംസാരിച്ചു.



### സെപ്റ്റംബർ 20 സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനം

സോഫ്റ്റ്‌വെയർ സ്വാതന്ത്ര ദിനത്തോടനബന്ധിച്ച് സെപ്റ്റംബർ ഇരുപത്തിമൂന്നാം തീയതി സ്കൂൾ അസംബ്ലിയിൽ വച്ച്, സ്കൂൾ ലീഡറും ലിറ്റിൽ കൈറ്റ്സ് 24-27 ബാച്ച് യൂണിറ്റ് ലീഡറുമായ തരുൺ മഹേഷ് പ്രതിജ്ഞ ചൊല്ലി കൊടുത്തുകൊണ്ട് സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിന വാരാചരണ പരിപാടികൾ മാതാ ഹൈസ്കൂളിൽ ആരംഭിച്ചു. ഈ ദിനത്തോടനബന്ധിച്ച് ഉബണ്ടു 22.04 ഇൻസ്റ്റാളേഷൻ, ആവശ്യപ്പെട്ട കുട്ടികൾക്ക് ചെയ്ത് കൊടുക്കുകയുണ്ടായി. കുട്ടികൾക്കായി നടത്തിയ ഡിജിറ്റൽ പോസ്റ്റർരചനാ മത്സരത്തിൽനിന്ന്, ലിറ്റിൽ കൈറ്റ്സ് 25 - 28 ബാച്ചിലെ അംഗമായ സൗരവ് ഒ ആർ നിർമ്മിച്ച പോസ്റ്ററാണ് മികച്ചതായി തിരഞ്ഞെടുക്കപ്പെട്ടത്.കുട്ടികൾക്കും രക്ഷകർത്താക്കൾക്കുമുള്ള ബോധവൽക്കരണ ക്ലാസ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അന്നയും ദേവനന്ദയും പ്രസന്റേഷൻ സ്ലൈഡുകളുടെ സഹായത്തോടുകൂടി അവതരിപ്പിക്കുകയുണ്ടായി. രക്ഷിതാക്കൾക്ക് ഈ ക്ലാസ്സിൽ നിന്ന് ലഭിച്ചത് സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തെ കുറിച്ചുള്ള പുതിയ അറിവുകൾ ആയിരുന്നു

